**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4153 21-7-2015 ൽ മറുപടിയ്ക്ക്**

## നഗരമാർക്കറ്റുകളിലെ ആധുനിക അറവുശാലകൾ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | മറുപടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നഗരപ്രദേശങ്ങളിലെ മാർക്കറ്റുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | നഗരപ്രദേശങ്ങളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുവാനും, ആധുനികവത്കരിക്കുവാനും 2015-16 ലെ സംസ്ഥാന ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിച്ചു വരുന്നു. നഗര പ്രദേശങ്ങളിൽ ആധുനിക അറവുശാല നിർമ്മാണത്തിനുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിലേയ്ക്കായി രണ്ട് ടൈപ്പ് ഡിസൈനുകൾ ഉള്ളതിനാൽ മിനി ടൈപ്പ് മാതൃക 20 വലിയ മൃഗങ്ങളെയും 40 ചെറിയ മൃഗങ്ങളേയും കശാപ്പ് ചെയ്യാൻ സൗകര്യമുള്ളതും നഗരസഭകൾക്ക് വേണ്ടിയുള്ളതുമാണ്. കൂടാതെ ആധുനിക അറവുശാല നിർമ്മാണത്തിലേയ്ക്കായി സെക്രട്ടറി, എഞ്ചിനീയറിംഗ്, ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർക്ക് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് പരിശീലനവും നൽകി വരുന്നു. |
| (ബി) | പ്രസ്തുത മാർക്കറ്റുകളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നഗരസഭകൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | കശാപ്പുശാലയിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് നഗരസഭകളിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി വരുന്നു. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി ലഭിച്ചിട്ടുള്ള അറവുശാലകൾക്ക് മാത്രമാണ് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത്. |
| (സി) | ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നഗരസഭകൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് | (സി) | ഖര, ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജനത്തിനുള്ള മതിയായ സൗകര്യങ്ങളോട് കൂടിയ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് നഗര |

| | | | |
|---|---|---|---|
| | നൽകുന്നതെന്ന് വ്യക്തമാക്കാമോ; | | സഭകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. കൂടാതെ അറവ് മാലിന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും ഉതകുന്ന റെന്ററിംഗ് പ്ലാന്റ് നിർമ്മാണത്തിനും സഹായം നൽകി വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ഇത്തരത്തിലുള്ള സംവിധാനങ്ങളില്ലാത്ത എത്ര നഗരസഭകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ? | | താഴെ പറയുന്ന 60 നഗരസഭകളിൽ സംവിധാനം നിലവിലില്ല.<br><br>1. വൈക്കം 2. പാലാ<br>3. കോട്ടയം 4. ചങ്ങനാശ്ശേരി<br>5. ചേർത്തല 6. ആലപ്പുഴ<br>7. കായംകുളം 8. മാവേലിക്കര<br>9. ചെങ്ങന്നൂർ 10. തിരുവല്ല<br>11. പത്തനംതിട്ട 12. അടൂർ<br>13. പുനലൂർ 14. പരവൂർ<br>15. കൊല്ലം 16. കരുനാഗപ്പള്ളി<br>17. വർക്കല 18. ആറ്റിങ്ങൽ<br>19. നെടുമങ്ങാട് 20. നെയ്യാറ്റിൻകര<br>21. തിരുവനന്തപുരം 22. തൊടുപുഴ<br>23. അങ്കമാലി 24. കോതമംഗലം<br>25. ആലുവ 26. പെരുമ്പാവൂർ<br>27. കളമശ്ശേരി 28. തൃപ്പൂണിത്തുറ<br>29. നോർത്ത്പരവൂർ 30. മൂവാറ്റുപുഴ<br>31. തൃക്കാക്കര 32. ഏലൂർ<br>33. മരട് 34. കൊടുങ്ങല്ലൂർ<br>35. ചാവക്കാട് 36. ഗുരുവായൂർ<br>37. കുന്നംകുളം 38. ഇരിങ്ങാലക്കുട<br>39. ചാലക്കുടി 40. ഷൊർണ്ണൂർ<br>41. ഒറ്റപ്പാലം 42. ചിറ്റൂർ - തത്തമംഗലം<br>43. പെരിന്തൽമണ്ണ 44. മലപ്പുറം<br>45. പൊന്നാനി 46. തിരൂർ<br>47. നിലമ്പൂർ 48. കോട്ടയ്ക്കൽ<br>49. കോഴിക്കോട് 50. വടകര<br>51. കൊയിലാണ്ടി 52. കണ്ണൂർ<br>53. തലശ്ശേരി 54. കൂത്തുപറമ്പ്<br>55. പയ്യന്നൂർ 56. മട്ടന്നൂർ<br>57. തളിപ്പറമ്പ് 58. കാസർഗോഡ്<br>59. കാഞ്ഞങ്ങാട് 60. നീലേശ്വരം |

സെക്ഷൻ ഓഫീസർ